**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 26895/AD A1/3/AD A1/AD A 1 | തീയതി: 02.07.2020

Draft #83 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 02-Jul-2020 01:41 PM - Page 1

## സർക്കുലർ

വിഷയം:- ഭരണകാര്യം: സർവ്വകലാശാല ജീവനക്കാർക്ക് ശമ്പള സാക്ഷ്യപത്രം നൽകുന്നത് - കൈക്കൊണ്ട തീരുമാനങ്ങൾ - സംബന്ധിച്ച്.

സൂചന :- വൈസ് ചാൻസലർ -ടെ ഉത്തരവോടു കൂടിയ 27500/AD A10/2/2019/AD A10 നമ്പർ ഫയൽ.

സർവ്വകലാശാല ജീവനക്കാർക്ക് ശമ്പള സാക്ഷ്യപത്രം നൽകുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സൂചന ഉത്തരവ് പ്രകാരം അടിയന്തിരമായി നടപ്പിലാക്കിക്കൊള്ളുന്നു.

1. വിരമിക്കുന്നതിന് 12 മാസം മുൻപ് മുതൽ ശമ്പള സാക്ഷ്യപത്രം ജീവനക്കാർക്ക് നൽകുന്നതല്ല.
2. Gross Salary -യുടെ 50 ശതമാനം Net Salary ഇല്ലാത്തവർക്ക് ശമ്പള സാക്ഷ്യപത്രം നൽകുന്നതല്ല.
3. ഒരു സാമ്പത്തിക വർഷം ഒരാൾക്ക് പുറത്തുള്ള സ്ഥാപനങ്ങളിലേക്ക് 2 എണ്ണവും MGUEC സൊസൈറ്റിയിലേക്ക് 3 എണ്ണവും എന്ന ക്രമത്തിൽ മൂന്ന് തുടർ വർഷങ്ങളിൽ 10 എണ്ണം എന്ന രീതിയിൽ ശമ്പള സാക്ഷ്യപത്രത്തിൻറെ എണ്ണം നിജപ്പെടുത്തിയിരിക്കുന്നു.
4. ശമ്പള ബില്ലുകൾ തയ്യാറാക്കുന്ന ജോലി പുരോഗമിക്കുന്ന എല്ലാ മാസവും അവസാന ആഴ്ച (അടിയന്തിര ഘട്ടങ്ങളൊഴികെ) ശമ്പള സാക്ഷ്യപത്രങ്ങൾ നൽകുന്നതല്ല.

ശമ്പള സാക്ഷ്യപത്രം നൽകുന്നത് സംബന്ധിച്ച നിബന്ധനകൾ സമ്പൂർണ്ണമായും കർശനമായും പാലിക്കേണ്ടതാണ്.

ഒപ്പ്

**എ എസ് ചാവറ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ ഡിപ്പാർട്ട്മെൻറുകൾ/ സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസലറുടെ/ പ്രോ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ കൺട്രോളർ ഓഫ് എക്സാമിനേഷൻസ്/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എമാർ
4. ജോയിൻറ് രജിസ്ട്രാർ/ ഡെപ്യൂട്ടി രജിസ്ട്രാർ/ അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/ അക്കാദമികവിഭാഗം/ ധനകാര്യവിഭാഗം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ / കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യു.എ.സി./ സിറ്റാഡ്
6. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. യൂണിവേഴ്സിറ്റി
7. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ